(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

&

(സി) ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്?

(ബി&സി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിയുടെ അംഗീകരിച്ച ഡിസൈൻ പ്രകാരമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉത്തരമേഖല (കോഴിക്കോട്) ചെറുകിട ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു.

(ഡി) പ്രസ്തുത ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ കിഫ്ബിക്ക് സമർപ്പിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

&

(ഇ) വർഷങ്ങളായി ആവശ്യപ്പെടുന്ന പ്രസ്തുത പദ്ധതി എന്ന് യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(ഡി&ഇ) ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ ആയകെട്ടും കാർഷികവിളകളുടെ വിശദാംശങ്ങളും മറ്റുവകുപ്പുകളിൽ (കൃഷി ഓഫീസർ, വില്ലേജ് അധികാരികൾ) നിന്നും ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നല്കിയിട്ടുള്ളതായും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഡിസൈൻ പ്രകാരമുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതാണെന്നും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

ചാലക്കുടി പുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ്

173(5620) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ അന്നമനട ഗ്രാമ പഞ്ചായത്തിൽ ചാലക്കുടിപ്പുഴയ്ക്ക് കുറുകെ പാലൂപുഴക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

(എ&ബി) തൃശ്ശൂർ ജില്ലയിലെ അന്നമനട പഞ്ചായത്തിൽ ചാലക്കുടിപ്പുഴയ്ക്ക് കുറുകെ പാലപ്പുഴക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കുകയും പര്യവേക്ഷണവും രൂപകല്പനയും വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും രൂപകല്പന ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. രൂപകൽപ്പനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 4000 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നുവെങ്കിലും ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ അനുമതി നൽകാൻ കഴിഞ്ഞില്ല. എന്നാൽ 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷനുള്ള പ്രവൃത്തികളുടെ പട്ടികയിൽ ഈ പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഭരണാനുമതിക്കായി ഡി.പി.ആർ. പുനഃസമർപ്പിക്കുന്നതിനുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രവൃത്തികൾ

174(5621) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഷിറിയ പുഴയ്ക്ക് കുറുകെയുള്ള റെഗുലേറ്റർ-കം-ബ്രിഡ്ജ്, കുമ്പള കഞ്ചിക്കട്ട റെഗുലേറ്റർ-കം-ബ്രിഡ്ജ് എന്നീ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിൽ ഷിറിയ പുഴയ്ക്ക് കുറുകെയുള്ള ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ-കം-ബ്രിഡ്ജ്, കുമ്പള പുഴയ്ക്ക് കുറുകെ കഞ്ചിക്കട്ട ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ-കം-ബ്രിഡ്ജ് എന്നീ പദ്ധതികളുടെ ഡി.പി.ആർ. നബാർഡ് ആർ.ഐ.ഡി.എഫ്. XXVII-ൽ ഉൾപ്പെടുത്തി നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുക എത്രയാണെന്നും പദ്ധതിയുടെ വിശദാംശങ്ങളും അറിയിക്കുമോ; പദ്ധതി യാഥാർത്ഥ്യമായാൽ ലഭിക്കുന്ന ഗുണഫലങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?